- ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തരം ലഭ്യമാക്കുന്ന ലീഫ് ലെറ്റുകൾ, പാംഫ്ലെറ്റുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിലൂടെ ലഭ്യമാക്കുന്ന സാങ്കേതിക സഹായങ്ങൾ.
- ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ കർഷകരിലെത്തിക്കുന്ന ചർച്ചകൾ, ഡോക്യുമെന്ററികൾ.
- മൊബൈൽ സംവിധാനത്തിലൂടെ ലഭ്യമാക്കുന്ന സന്ദേശങ്ങൾ, ശ്രുപാർശകൾ.
- കിസാൻ കാൾ സെന്റർ മുഖേന ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ, പ്രശ്നപരിഹാര മാർഗ്ഗങ്ങൾ തുടങ്ങിയവ.

(സി) ഉണ്ട്. വിളനാശംമൂലം കാർഷിക വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരുടെ വായ്പകൾക്ക് കാലാകാലങ്ങളിൽ മൊറട്ടോറിയം പ്രഖ്യാപിച്ചുവരുന്നു. കൂടാതെ മുൻകാലങ്ങളിലെ തിരിച്ചടവിന്റെ കൃത്യത പരിശോധിച്ച് വായ്പകളുടെ കാലാവധി നീട്ടിക്കൊടുക്കുവാനും പുനഃക്രമീകരിക്കുവാനുമുള്ള (ഉദാ: ഹ്രസ്വകാല വായ്പ മധ്യകാല വായ്പയാക്കി മാറ്റൽ) നടപടികളും ബാങ്കുകൾ സ്വീകരിച്ചുവരുന്നു.

അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ നിയമനം

185 (4225) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ ആകെ തസ്തികകളുടെ എണ്ണം എത്രയാണ് ; പ്രസ്തുത തസ്തികകളിൽ എല്ലാം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ അവസാനമായി ലിസ്റ്റ് തയ്യാറാക്കിയത് എന്നാണെന്ന് അറിയിക്കുമോ ; പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) എ.എഫ്.ഒ. തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരിൽ 20% പേർക്ക് ഹയർഗ്രേഡ് നൽകുന്ന നടപടി ഇപ്പോഴും നിലവിലുണ്ടോ ; വിശദാംശം അറിയിക്കുമോ ; ഈ വിഭാഗം ജീവനക്കാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിൽ കുറുകരമായ വീഴ്ച വരുത്തുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് ഹയർ ഗ്രേഡ് നൽകുന്ന നടപടി പൂർത്തീകരിച്ച് ഉത്തരവ് നൽകുവാൻ കഴിയുമെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് അവസാനമായി ഹയർഗ്രേഡ് നൽകി ഉത്തരവ് ഇറക്കിയത് എന്നാണ്; പ്രസ്തുത നടപടിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ 47 തസ്തികകളുണ്ട്. എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടില്ല. സ്ഥാനകയറ്റം നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതാണ് ഇതിനു കാരണം.

(ബി) 1-4-2012 തീയതി അടിസ്ഥാനമാക്കി 29-9-2012-ൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. കൃഷി ഡയറക്ടറുടെ 7-6-2013-ലെ എസ്.ഇ.(2)21109/2013 നമ്പർ ഉത്തരവുപ്രകാരം 9 പേർക്ക് ഹയർ ഗ്രേഡ് നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ഹയർഗ്രേഡ് ലഭിച്ചവർ റിട്ടയർ ചെയ്തിട്ടുണ്ട്. അർഹരായവർക്ക് ഹയർ ഗ്രേഡ് അടിയന്തരമായി അനുവദിക്കണമെന്ന നിർദ്ദേശം കൃഷി ഡയറക്ടർക്ക് നൽകുന്നതാണ്.

(ഡി) 7-6-2013-ൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

ദിവസ വാടകനിരക്കിൽ കാർഷിക യന്ത്രങ്ങൾ

186 (4226) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷിക യന്ത്രങ്ങൾ ദിവസ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് അവ ലഭിക്കുന്നതെന്നും ഏതൊക്കെ യന്ത്രങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കാസർഗോഡ് ജില്ലാ ഓഫീസ് മുഖേന ട്രാക്ടർ, പവർ ടില്ലർ എന്നിവ ദിവസ വാടക നിരക്കിൽ കർഷകർക്ക് നൽകുന്നു. ട്രാക്ടറിന് ദിവസവാടക 1000 രൂപയും പവർടില്ലറിന് 300 രൂപയുമാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly